പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2701 **28-10-2026-ൽ മറുപടിയ്ക്ക്**

നദികളിലെ എക്കൽ മണ്ണ് നീക്കം ചെയ്യുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 43 നദികളിലെ എക്കൽ നീക്കം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇതിന് അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും പ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ കാരണം അറിയിക്കാമോ;

മറുപടി: 2018-2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പാഴ് വസ്തുക്കളും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടു കൂടിയും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, ജനകീയ പങ്കാളിത്തതോടുകൂടിയും ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ 43 നദികളിൽ (കല്ലായി ഒഴികെ) ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി. നദികളിൽ നിന്നും മറ്റ് മണ്ണ്, എക്കൽ ചെളിയും മറ്റ് പാഴ്വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് അവയുടെ സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിനും അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി Pre-monsoon cleaning, Desiltation തുടങ്ങിയ പ്രവൃത്തികൾ Pre-monsoon, Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

കോഴിക്കോട് കോർപ്പറേഷനിൽ കല്ലായി പുഴയിൽ പുഴയുടെ അഴിമുഖം മുതൽ 3.145 കി.മീ നീളത്തിലും, കോരപ്പുഴയിൽ റെയിൽവെ പാലം മുതൽ അഴിമുഖം വരെ 1.6 കി.മീ നീളത്തിലും അടിഞ്ഞുകൂടിയ ചെളിയും മൺതിട്ടകളും നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കാരശ്ശേരി പഞ്ചായത്തിലെ വാർഡ് 16 ചോനോട് പ്രദേശത്ത് ഇരുവഞ്ഞിപ്പുഴയിലും കുന്ദമംഗലം പഞ്ചായത്തിൽ പൂന്തുർപുഴയിൽ പടനിലം ചെക്ക്ഡാമിന് സമീപവും പണ്ടാരപറമ്പ പാലത്തിന് സമീപവും, പുതുപ്പാടി പഞ്ചായത്തിൽ ഈങ്ങാപ്പുഴയിൽ തട്ടൂർപറമ്പ ചപ്പാത്തിന് സമീപത്തും ചെളിയും മൺതിട്ടകളും നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നദികളിലെ എക്കൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടും അത് നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: നിലവിൽ നദികളിൽ നിന്നും മണ്ണും ചെളിയും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തികളിൽ അവ നടപ്പിലാക്കുന്നതിൽ സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

എന്നിരുന്നാലും നദികളിലെ എക്കലും മണലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളിൽ പ്രതികൂലമായ കാലാവസ്ഥ മൂലം തടസ്സങ്ങൾ നേരിടുന്നുണ്ട്. കൂടാതെ പുഴകളിൽ നിന്നും മണ്ണും ചെളിയും എക്കലും നീക്കം ചെയ്യുന്ന സാഹചര്യങ്ങളിൽ ഇവ സൂക്ഷിക്കുന്നതിനും വേർതിരിക്കുന്നതിനും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിലെ ബുദ്ധിമുട്ടുകൾ, ലേല നടപടികളിൽ ഉണ്ടാവുന്ന കാലതാമസം എന്നീ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലൂടെ പതിനെട്ട് കിലോമീറ്ററോളം കടന്നുപോകുന്ന കല്ലായിപ്പുഴയുടെ ഭാഗമായ മാമ്പുഴയിലും ചാലിയാറ്റിലും മൺസൂൺ കാലത്ത് വെള്ളം കയറി വീടുകളിലും കൃഷിയിടങ്ങളിലും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> മൺസൂൺ കാലത്തു മാമ്പുഴയും ചാലിയാറും പൂനൂർ പുഴയും കരകവിഞ്ഞൊഴുകി വീടുകളിലും കൃഷിയിടങ്ങളിലും നാശനഷ്ടങ്ങൾ ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ചാലിയാറിലെയും മാമ്പുഴയിലെയും ആഴവും ഒഴുക്കും വർദ്ധിപ്പിച്ച് പ്രദേശത്തെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും എക്കൽ മണ്ണും ചെളിയും തടസ്സരഹിതമായി അടിയന്തരമായി നീക്കം ചെയ്യുന്നതിനും ജലവിഭവ വകുപ്പ് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ചാലിയാറിലെയും മാമ്പുഴയിലെയും ആഴവും ഒഴുക്കും വർദ്ധിപ്പിച്ച് വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനായി ആവശ്യമായ പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ